38.8 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 2014-15 സാമ്പത്തിക വർഷം നോൺ പ്ലാൻ ഇനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. 2014-15 സാമ്പത്തിക വർഷത്തെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ പട്ടികവർഗ്ഗ വികസന വകപ്പ് മുഖേന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 33.71 കോടി രൂപ അനുവദിച്ചതിൽ 32.69 കോടി രൂപ ചെലവഴിച്ചു. പട്ടികവർഗ്ഗ വികസന വകപ്പിന്റെ വിവിധ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനായി പൊതുമരാമത്ത് വകപ്പിന് വകയിരുത്തിയിരുന്ന 27.50 കോടി രൂപയിൽ 6.12 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ആയതുകൊണ്ടാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2014-15 സാമ്പത്തികവർഷം അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാതെ വന്നത്.

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മിഷൻ 676-ൽ സമ്പൂർണ്ണ ഭവന പദ്ധതി

307 (655) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിഭാഗത്തിന് മിഷൻ 676- ൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ഭവന പദ്ധതി വിഭാവന ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു എന്നതിന്റെ വിശദാംശങ്ങൾ നൽകാമോ ;

(സി) എത്ര പേർക്ക് വീട് നൽകാനാണ് പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനും ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ഭവനരഹിതരും എന്നാൽ സ്വന്തമായി വീട് നിർമ്മിക്കാൻ സ്ഥല സൗകര്യമുള്ളതുമായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭവന നിർമ്മാണം നടപ്പിലാക്കുന്നതിനായി മിഷൻ 676-ൽ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES.Kerala Legislative Assembly

(ബി) 2014-15 സാമ്പത്തിക വർഷത്തെ കണക്കുപ്രകാരം സംസ്ഥാനത്തെ ഭവനരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം 30308 ആണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജനറൽ ഹൗസിംഗ് പദ്ധതി, ഹഡ്കോ വായ്പ ഉപയോഗിച്ചുള്ള ഭവന നിർമ്മാണം, അഡീഷണൽ ടൈബൽ സബ്പ്ലാൻ ഉപയോഗിച്ചുള്ള ഭവന നിർമ്മാണം, ഗ്രാമവികസന വകുപ്പ് മുഖാന്തരമുള്ള ഐ.എ.വൈ പദ്ധതി എന്നീ പദ്ധതികളിലൂടെ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) 2014-15 സാമ്പത്തിക് വർഷത്തിലെ ജനറൽ ഹൗസിംഗ് പദ്ധതി പ്രകാരം 2907, ഹഡ്കോ വായ്പ തുക ഉപയോഗിച്ച് ആദ്യ ഘട്ടത്തിൽ 2000, 2014-15-ലെ ഐ.എ.വൈ പദ്ധതി പ്രകാരം 9337, 2015-16-ലെ ഐ.എ.വൈ പദ്ധതി പ്രകാരം 9337, അഡീഷണൽ ടൈബൽ സബ്പ്ലാൻ ഭവന നിർമ്മാണ പദ്ധതി മുഖാന്തരം 6000, ഹഡ്കോ വായ്പ രണ്ടാംഘട്ടം പ്രകാരം 727 എന്നിവ ഉൾപ്പെടെ 30308 വീടുകൾ നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ഡി) വിവിധ ഭവന നിർമ്മാണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ എല്ലാവിധ നടപടികളും സ്വീകരിച്ചുവരുന്നു.

യുവജന പദ്ധതി

308 (656) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജന നയത്തിൽ വിഭാവന ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പദ്ധതിയുമായി ആരെയെല്ലാം സഹകരിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly